(ബി) ഇല്ല.

(സി ആൻഡ് ഡി) ഉദിക്കുന്നില്ല.

ആദിവാസി വൈദ്യൻമാരുടെ മരുന്നിനും ചികിത്സയ്ക്കും പേറ്റൻറ് നേടാൻ നടപടി

*8 [341] ശ്രീ. വി. ജെ. പൗലോസ്:
,, പി. ടി. തോമസ്:
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. ബി. വിജയകുമാർ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി വൈദ്യൻമാരുടെ മരുന്നിനും ചികിൽസയ്ക്കും പേറ്റൻറ് നേടാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ ആൻഡ് ബി) ആദിവാസി വൈദ്യൻമാരുടെ മരുന്നിൻെറ ശാസ്ത്രീയത മനസ്സിലാക്കാൻ വേണ്ടി തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലബോറട്ടറി, ശ്രീചിത്ര മെഡിക്കൽ സെൻറർ, കിർത്താഡ്സ് എന്നീ സ്ഥാപനങ്ങളും ചേർന്ന് സംയുക്തമായി നടപടികളും എടുത്തിട്ടുണ്ട്. ആദിവാസി വൈദ്യൻമാർ നൽകി വരുന്ന മരുന്നുകളും പരീക്ഷണശാലയിൽ ശാസ്ത്രീയമായി പരിശോധിച്ചതിൽ നിന്നും അനുകൂല ഫലമാണ് ലഭിച്ചിട്ടുള്ളത്. ഇതിൻെറ അടിസ്ഥാനത്തിൽ ചില മരുന്നുകൾക്ക് പേറ്റൻറ് നേടാൻ ശ്രമിച്ചുവരുന്നു.

പുനരധിവസിപ്പിക്കപ്പെട്ട ആദിവാസികളുടെ ക്ഷേമം

*9 [342] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള ട്രൈബൽ മിഷൻെറ പ്രവർത്തനങ്ങളെ ട്രഷറി നിയന്ത്രണം ബാധിച്ചിട്ടുണ്ടോ; എങ്കിൽ ട്രഷറി നിയന്ത്രണം ഏതെല്ലാം പ്രവർത്തനങ്ങളെയാണ് ബാധിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ട്രഷറി നിയന്ത്രണം മൂലം ബില്ലുകൾ മാറാനാവാത്തതുകൊണ്ട് പുനരധിവാസ പദ്ധതി പ്രകാരം വിവിധ പ്രദേശങ്ങളിൽ പുനരധിവസിപ്പിച്ച ആദിവാസി കുടുംബങ്ങൾക്ക് നൽകി വന്നിരുന്ന റേഷൻ വിതരണം പലപ്പോഴും തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാലും പട്ടിണിമൂലവും പുനരധിവസിപ്പിക്കപ്പെട്ട ആദിവാസികൾ സ്ഥലം വിട്ടുപോകുന്നത് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളെ ട്രഷറി നിയന്ത്രണ ഉത്തരവുകൾ ബാധിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പുനരധിവാസ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രേഡിംഗ് സമ്പ്രദായവും അദ്ധ്യാപക പരിശീലനവും

*10 [343] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ജെ. ജോയി:
,, ജോർജ് ജെ. മാത്യു:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രേഡിംഗ് സമ്പ്രദായത്തിന് അനുസരിച്ചുള്ള ബോധനം നൽകുവാൻ എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുവരെ എത്ര ശതമാനം അദ്ധ്യാപകർക്ക് ഇത്തരത്തിലുള്ള പരിശീലനം നൽകി എന്ന് വെളിപ്പെടുത്തുമോ;

(സി) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് പരിശീലനം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) 2005-2006 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പായി 43,000 അദ്ധ്യാപകർക്ക് മൂന്ന് ഘട്ടമായി 2 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. ഇതുവരെ പരിശീലനം ലഭിക്കാത്ത 20,000 അദ്ധ്യാപകർക്ക് 5 ദിവസത്തെ പരിശീലനം ഇപ്പോൾ നടത്തിവരുന്നു.

(ബി) 68% പേർക്ക്.

(സി) ജൂലൈ 30-ന് മുമ്പ് ഹൈസ്കൂൾ തലത്തിലുള്ള എല്ലാ അദ്ധ്യാപകരുടേയും പരിശീലന പരിപാടി പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly